20

നവംബർ 2020

വെള്ളി

1196 വൃശ്ചികം 5 1442 റ ആഖിർ 4

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 225 •പേജ് 4 •വില: 5 രൂപ

സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം

കാസർകോട്–ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം–കാസർകോട്–എറണാകുളം (ദിവസവും)

ബുക്കിംഗിന് ബന്ധപ്പെടുക

BANGALORE
Kohinoor
Behind Sagar Talkies,
Ghandhi Nagar,Bangalore
080 2287 7199

(Shayda Marg.)

KASARAGOD
Kohinoor (Safar) Travels
New Bus Stand. Ph: 04994- 223952,
230840, 227550, 9037314984

നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി

ജ്വല്ലറി നിക്ഷേപ തട്ടിപ്പ്: പൂക്കോയ തങ്ങളെ പിടികൂടാൻ പ്രത്യേക സ്ക്വാഡ്

കാസർകോട്: ഫാഷൻ ഗോൾഡ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് കേസിലെ മുഖ്യപ്രതി ചന്തേരയിലെ ടി കെ പൂക്കോയ തങ്ങളെ പിടികൂടാൻ പ്രത്യേക പൊലീസ് സംഘത്തെ നിയോഗിച്ചു. ജില്ലാ പൊലീസ് മേധാവി ഡി ശിൽപ്പയുടെ മേൽനോട്ടത്തിലാണ് സ്ക്വാഡ് രൂപീകരിച്ചത്.

നിക്ഷേപ തട്ടിപ്പു കേസിലെ ഒന്നാം പ്രതിയായ ടി കെ പൂക്കോയ തങ്ങളാണ് ജ്വല്ലറിയുടെ മാനേജിംഗ് പാർട്ണർ. നിക്ഷേപ തട്ടിപ്പു കേസിൽ ഇയാളെ പ്രത്യേക അന്വേഷണ സംഘം നേരത്തെ ചോദ്യം ചെയ്ത് വിട്ടയച്ചിരുന്നു. പിന്നീട് ഇയാളെ വീണ്ടും ചോദ്യം ചെയ്യാൻ പൊലീസ് കാസർകോട്ടേക്ക് വിളിപ്പിച്ചിരുന്നു. ഇതിനായി പകുതി വഴിയിലെത്തിയപ്പോഴാണ് കേസിൽ കമ്പനി ചെയർമാനായ എം സി ഖമറുദ്ദീൻ എം എൽ എയെ അറസ്റ്റ് ചെയ്ത വിവരം അറിഞ്ഞ് തിരികെ പോയത്. കോടതിയിൽ ഹാജരാകാമെന്നാണ് പൂക്കോയ തങ്ങൾ പൊലീസിനോട് പറഞ്ഞത്. ഇതു അന്വേഷണ സംഘം വിശ്വസിച്ചു. എന്നാൽ കോടതിയിൽ ഹാജരാകാതെ തങ്ങൾ സമർത്ഥമായി മുങ്ങുകയായിരുന്നുവെന്ന് പിന്നീടാണ് പൊലീസിന് വ്യക്തമായത്.

തങ്ങളുടെ വീട്ടിൽ പൊലീസ് സംഘം പരിശോധ നയ്ക്ക് എത്തിയിരുന്നുവെങ്കിലും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. മകനൊപ്പം വടകരയിൽ ഡോക്ടറെ കാണാൻ പോയതാണെന്നാണ് വീട്ടുകാർ നൽകിയ മൊഴി. അതിനു ശേഷം തങ്ങളുടെയും മകന്റെയും ഫോൺ സ്വിച്ച് ഓഫ് ചെയ്ത നിലയിലാണ്. സ്വിച്ച് ഓഫ് ചെയ്ത ഫോൺ കർണ്ണാടകയിൽ ഉള്ളതായാണ് സൈബർ സെല്ലിന്റെ സഹായത്തോടെ കണ്ടെത്തിയത്. എന്നാൽ കർണ്ണാടകയിൽ ഏതു ഭാഗത്താണെന്ന് സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതേ തുടർന്നാണ് തങ്ങളെ കണ്ടെത്തുന്നതിന് പ്രത്യേക സംഘത്തെ നിയോഗിച്ചത്.

ഖമറുദ്ദീൻ എം എൽ എയ്ക്ക് അടിയന്തിര ശസ്ത്രക്രിയ വേണ്ടെന്ന് മെഡിക്കൽ ബോർഡ്

കാസർകോട്: ഫാഷൻ ഗോൾഡ് ജ്വല്ലറി നിക്ഷേപ തട്ടിപ്പുകേസിൽ അറസ്റ്റിലായി റിമാന്റിൽ കഴിയുന്നതിനിടയിൽ പരിയാരം മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട എം സി ഖമറുദ്ദീൻ എം എൽ എയെ അടിയന്തിരമായി ശസ്ത്രക്രിയക്ക് വിധേയനാക്കേണ്ടതില്ലെന്നു മെഡിക്കൽ ബോർഡ്. ഇതു സംബന്ധിച്ച അന്തിമതീരുമാനം ഉടൻ ഉണ്ടാകും.ഇ സി ജിയിൽ വ്യതിയാനം കണ്ടതിനെ തുടർന്നാണ് ജില്ലാ ജയിലിൽ കഴിഞ്ഞിരുന്ന ഖമറുദ്ദീനെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇന്നലെ നടത്തിയ ആഞ്ചിയോഗ്രാം ടെസ്റ്റിൽ ഖമറുദ്ദീന്റെ ഹൃദയഭിത്തിയിൽ ബ്ലോക്ക് ഉള്ളതായി കണ്ടെത്തി. ഇതിനു ശസ്ത്രക്രിയ വേണ്ടിവരുമെന്നായിരുന്നു ഇന്നലെ ആശുപത്രി വൃത്തങ്ങൾ പറഞ്ഞിരുന്നത്. എന്നാൽ ഇന്നു രാവിലെ മെഡിക്കൽ ബോർഡ് യോഗം ചേർന്നാണ് ഖമറുദ്ദീനു അടിയന്തിരമായി ശസ്ത്രക്രിയ നടത്തേണ്ടതില്ലെന്നു തീരുമാനിച്ചത്. നിലവിലെ ബ്ലോക്ക് മരുന്നിലൂടെ ഒഴിവാക്കാമെന്നും രക്തത്തിലെ പഞ്ചസാരയുടെ അളവ് ഉയർന്നു നിൽക്കുന്നത് ശസ്ത്രക്രിയക്ക് അനുകൂലമല്ലെന്നും ബോർഡ് യോഗം വിലയിരുത്തി. മൂന്നുവർഷം മുമ്പും ഖമറുദ്ദീനെ ആഞ്ചിയോഗ്രാം പരിശോധനയ്ക്കു വിധേയനാക്കുകയും ബ്ലോക്ക് കണ്ടെത്തുകയും ചെയ്തിരുന്നുവെന്നാൽ മരുന്നു കഴിക്കാനായിരുന്നു അന്നും ഡോക്ടർമാർ നൽകിയ നിർദ്ദേശം.

സൂക്ഷ്മ പരിശോധന തുടങ്ങി; ജില്ലയിൽ 5392 പേർ പത്രിക നൽകി

കാസർകോട്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ജില്ലയിൽ 5392 പേർ പത്രിക സമർപ്പിച്ചു. സൂക്ഷ്മ പരിശോധന രാവിലെ ആരംഭിച്ചു. പത്രിക പിൻവലിക്കാൻ 23 വരെ സമയമുണ്ട്.

ജില്ലാ പഞ്ചായത്തിലെ 17 ഡിവിഷനുകളിലേക്കു 137 പേരും ആറു ബ്ലോക്ക് പഞ്ചായത്തുകളിലെ 83 ഡിവിഷനുകളിലേക്കു 487 പേരും 38 ഗ്രാമപഞ്ചായത്തുകളിലെ 664 വാർഡുകളിലേക്കു 4060 പേരും മൂന്നു മുനിസിപ്പാലിറ്റികളിലെ 109 വാർഡുകളിലേക്കു 708 പേരുമാണ് ജില്ലയിൽ പത്രിക സമർപ്പിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് 1,68,028 പേർ നാമനിർദ്ദേശപത്രിക സമർപ്പിച്ചു. മലപ്പുറത്താണ് ഏറ്റവും കൂടുതൽ പത്രിക സമർപ്പിച്ചിട്ടുള്ളത്–20183. എറണാകുളത്ത് 17266 പത്രികകളും തിരുവനന്തപുരത്ത് 14247 പത്രികകളും കൊല്ലത്തു 13237 പത്രികകളും ആലപ്പുഴയിൽ 13013 പത്രികകളുമാണ് സമർപ്പിച്ചിട്ടുള്ളത്. വയനാടു ജില്ലയിൽ 4631 പേരേ പത്രിക സമർപ്പിച്ചിട്ടുള്ളൂ.

കാണാതായ വിദ്യാർത്ഥിയെ പത്തനംതിട്ടയിൽ കണ്ടെത്തി

കാഞ്ഞങ്ങാട്: ഈ മാസം 16 മുതൽ കാണാതായ വിദ്യാർത്ഥിയെ പത്തനംതിട്ടയിൽ കണ്ടെത്തി. വാഴുന്നോറടിസ്വദേശിയും രാജപുരം സെന്റ് പയസ്ടെൻത്കോളേജിലെ വിദ്യാർത്ഥിയുമായ അഖിൽ പ്രസാദി(20)നെയാണ് പത്തനംതിട്ടയിൽ കണ്ടെത്തിയത്. കോളേജിലേയ്ക്കു പോകുന്നുവെന്നു പറഞ്ഞാണ് വീട്ടിൽ നിന്നു ഇറങ്ങിയിരുന്നത്.

മഞ്ഞപ്പട ഇന്നിറങ്ങും; ഇന്ത്യൻ സൂപ്പർ ലീഗിന് ഇന്ന് ആവേശത്തുടക്കം

ബംബോലിം: ആരാധക ഹൃദയങ്ങളിൽ ആവേശത്തിന്റെ വെടിക്കെട്ടുമായി ഇന്ത്യൻ സൂപ്പർ ലീഗ് ഏഴാം സീസണിന് ഇന്നു രാത്രി ഗോവയിൽ തുടക്കമാവും. ഉദ്ഘാടന മത്സരത്തിൽ മലയാളികളുടെ സ്വന്തം മഞ്ഞപ്പട കേരളാ ബ്ലാസ്റ്റേഴ്സ്, മോഹൻ ബഗാനെ നേരിടും. കോവിഡിന്റെ വരവിനു ശേഷം രാജ്യത്ത് നടക്കുന്ന ആദ്യത്തെ വലിയ കായിക പരിപാടിയാണിത്. ഗോവയിലെ മൂന്ന് വേദികളിലായാണ് എല്ലാ മത്സരങ്ങളും നടക്കുക. രാത്രി 7.30നാണ് കിക്കോഫ്. സ്പാനിഷ് താരമായ സെർജിയോ സി ഡോങ്ക, സിംബാബ്വെ താരം കോസ്റ്റനമോയിൻസു, ഇന്ത്യൻതാരം ജെസ്സൽ കാർനെയ്റൊ എന്നിവരെ നേരത്തെ കേരളാ ബ്ലാസ്റ്റേഴ്സ് ക്യാപ്റ്റന്മാരായി പ്രഖ്യാപിച്ചിരുന്നു. കോവിഡ് കാരണം മത്സരങ്ങൾ അടച്ചിട്ട സ്റ്റേഡിയങ്ങളിലാണെങ്കിലും ലോക മെമ്പാടുമുള്ള 82 രാജ്യങ്ങളിൽ ഐ എസ് എല്ലിന്റെ തത്സമയ സംപ്രേക്ഷണം അധികൃതർ ഒരുക്കിയിട്ടുണ്ട്. ഐ പി എല്ലിന്റെ ആവേശകാലത്തിനു ശേഷം മറ്റൊരു കായിക മാമാങ്കമായി ഐ എസ് എൽ വരുമ്പോൾ കേരളാ ടീം ട്രോഫിയിൽ മുത്തമിടുന്നത് കാത്തിരിക്കുകയാണ് മഞ്ഞപ്പടയുടെ ആരാധകർ.

നടിയെ ആക്രമിച്ച കേസ്

സാക്ഷിയെ സ്വാധീനിക്കാൻ കൊച്ചിയിൽ ഉന്നത യോഗം ചേർന്നതായി പൊലീസ്

കാസർകോട്: മുൻമന്ത്രിയും നിലവിൽ ഇടതു എം എൽഎയുമായ കെ ബി ഗണേഷ് കുമാറിന്റെ ഓഫീസ് സെക്രട്ടറിയായ കൊല്ലം, കോട്ടാത്തലയിലെ പ്രദീപ് കുമാറിനെ അറസ്റ്റു ചെയ്യുന്നതിനു അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പൊലീസ് കോടതിയിൽ റിപ്പോർട്ട് നൽകി. ദിലീപിനെ രണ്ടു തവണ ജയിലിൽചെന്നു കണ്ടിരുന്നുവെന്നു ഇന്നലെ പ്രതി പൊലീസിനു മൊഴി നൽകിയിരുന്നു. കേസിൽ പ്രതി നൽകിയ മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നതിനു മുമ്പ് ഇന്നു രാവിലെ 11 മണിയോടെയാണ് ബേക്കൽ പൊലീസ് ഇൻസ്പെക്ടർ ജില്ലാ സെഷൻസ് കോടതിയിൽ റിപ്പോർട്ട് നൽകിയത്.നടിയെ ആക്രമിച്ച കേസിലെ സാക്ഷിയായ ബേക്കൽ, മലാംകുന്നിലെ വിപിൻലാലിനെ ഭീഷണിപ്പെടുത്തിയ കേസിലെ പ്രതിയാണ് പ്രദീപ് കുമാർ.

പ്രദീപ് കുമാർ

ഫോണിലും നേരിട്ടും കത്തു മുഖേനയും ഭീഷണി ഉണ്ടായതോടെയാണ് വിപിൻലാൽ പൊലീസിൽ പരാതി നൽകിയത്. പൊലീസ് നടത്തിയ അന്വേഷണത്തിൽ ഭീഷണിപ്പെടുത്തിയത് പ്രദീപ് കുമാർ ആണെന്നു കണ്ടെത്തുകയും കേസെടുക്കുകയും ചെയ്തിരുന്നു. പ്രതിയോട് പൊലീസ് മുമ്പാകെ ഹാജരാകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അതിനു തയ്യാറായിരുന്നില്ല. പകരം ജില്ലാ സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ നൽകി. അപേക്ഷ പരിഗണിച്ച കോടതി ഇന്നലെ പൊലീസിനു മുമ്പാകെ കീഴടങ്ങാൻ പ്രദീപ് കുമാറിനോടും അറസ്റ്റു ചെയ്യരുതെന്നു പൊലീസിനോടും നിർദ്ദേശിച്ചു. ഇതു പ്രകാരം ഇന്നലെ 11 മണിയോടെ ഹൊസ്ദുർഗ്ഗ് ഡിവൈ.എസ്.പി മുമ്പാകെ പ്രദീപ് കുമാർ കീഴടങ്ങി. പരാതിയുമായി ബന്ധപ്പെട്ട് ആറര മണിക്കൂർ ചോദ്യം ചെയ്തിട്ടും കൃത്യമായ മറുപടി പറയാൻ പ്രതി തയ്യാറായിരുന്നില്ല.

മുൻമന്ത്രി ഗണേഷിന്റെ ഓഫീസ് സെക്രട്ടറിയെ അറസ്റ്റു ചെയ്യാൻ അനുവദിക്കണമെന്ന് പൊലീസ്

കൊല്ലത്തു നിന്നു കാസർകോട്ടെ ജ്വല്ലറിയിൽ വന്നത് എന്തിനാണെന്ന് ചോദ്യത്തിനു വാച്ചു വാങ്ങാനാണെന്നാണ് പ്രതി നൽകിയ മൊഴി. കൊല്ലത്ത് വാച്ചു വാങ്ങാൻ ഇടമില്ലേ എന്നു ചോദിച്ചപ്പോൾ കൃത്യമായ മറുപടി നൽകിയില്ലത്രെ.അതേസമയം സാക്ഷിയെ ഭീഷണിപ്പെടുത്തിയ സംഭവത്തെ കുറിച്ച് പൊലീസിനു കൂടുതൽ വിവരങ്ങൾ ലഭിച്ചു. നടിയെ ആക്രമിച്ച കേസുമായി ബന്ധപ്പെട്ട് ഇക്കഴിഞ്ഞ ജനുവരിയിൽ കൊച്ചിയിലെ നക്ഷത്ര ഹോട്ടലിൽ ചില പ്രമുഖ വ്യക്തികൾ യോഗം ചേർന്നിരുന്നതായി അന്വേഷണ സംഘത്തിനു വിവരം ലഭിച്ചിരുന്നു. സാക്ഷിയെ സ്വാധീനിക്കാനുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനാണ് യോഗം ചേർന്നതെന്നും സംശയിക്കുന്നു. ഈ യോഗത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വിപിൻലാലിനെ സ്വാധീനിക്കാൻ ശ്രമിച്ചതെന്നാണ് സൂചന. പ്രസ്തുത യോഗത്തിൽ പ്രദീപ് കുമാർ സംബന്ധിച്ചിരുന്നുവോയെന്നും അന്വേഷിക്കുന്നു. അതേസമയം സാക്ഷിയെ സ്വാധീനിക്കുന്നതിനു കാസർകോട്ടെ രണ്ടു പ്രമുഖർ ഇടപെട്ടതായും സംശയിക്കുന്നു.

ഉപ്പളയിലെ ഗുണ്ടാ സംഘങ്ങൾ ഉൾപ്പെടെ 80 പേർക്ക് നോട്ടീസ്

കാസർകോട്: ഉപ്പള കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഗുണ്ടാ സംഘങ്ങളെ കാപ്പ നിയമം ചുമത്തി അറസ്റ്റ് ചെയ്യുന്നതിന് മുന്നോടിയായി കൊലക്കേസുകളിൽ അടക്കം പ്രതികളായ നിരവധി പേർ നോട്ടീസ് നൽകി. മഞ്ചേശ്വരം പൊലീസ് സ്റ്റേഷൻ പരിധിയിൽ 20 പേർക്കും കുമ്പളയിൽ 15 പേർക്കുമാണ് നോട്ടീസ് നൽകിയത്. കാസർകോട് സബ് ഡിവിഷൻ പരിധിയിലെ കാസർകോട്, വിദ്യാനഗർ, ബദിയഡുക്ക, ആദൂർ, ബേഡകം എന്നീ സ്റ്റേഷൻ പരിധികളിലായി 45 പേർക്കും ഇത്തരത്തിൽ നോട്ടീസ് നൽകി. 107–ാം വകുപ്പ് പ്രകാരമുള്ള നോട്ടീസ് നൽകി ആറു മാസത്തിനുള്ളിൽ ഏതെങ്കിലും കുറ്റകൃത്യത്തിൽ ഏർപ്പെട്ടാൽ ഉടൻ കാപ്പ ചുമത്തി അറസ്റ്റ് ചെയ്യാനാകും. വരും ദിവസങ്ങളിൽ കൂടുതൽ പേർക്ക് നോട്ടീസ് നൽകാനാണ് പൊലീസിന്റെ തീരുമാനം.

നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെട്ടിടത്തിന് നമ്പർ; കാസർകോട് മുനിസിപ്പൽ ഓഫീസിൽ പൊലീസ് റെയ്ഡ്

കാസർകോട്: മുനിസിപ്പൽ ഭരണത്തിന്റെ അവസാനഘട്ടത്തിൽ കാസർകോട് മുനിസിപ്പാലിറ്റിയിൽ നിർമ്മാണത്തിലിരിക്കുന്ന ബഹുനിലകെട്ടിടത്തിനു വ്യാജ ഫയലും വ്യാജ ഒപ്പുമിട്ടു കെട്ടിട നമ്പർ അനുവദിച്ചതിനെക്കുറിച്ചു ടൗൺ പൊലീസ് അന്വേഷണമാരംഭിച്ചു.

എസ് ഐ വി പി വിപിൻ കുമാറിന്റെ നേതൃത്വത്തിൽ എത്തിയ പൊലീസ് സംഘം കെട്ടിടവുമായി ബന്ധപ്പെട്ട യഥാർത്ഥ ഫയലും വ്യാജ ഫയലും മറ്റു രേഖകളും കസ്റ്റഡിയിലെടുത്തു.മുനിസിപ്പൽ ഓഫീസിൽ പൊലീസ് പരിശോധന ആരംഭിച്ച വിവരമറിഞ്ഞ് ആളുകൾ ഓഫീസ് പരിസരത്ത് എത്തിക്കൊണ്ടിരിക്കുന്നു.

കാസർകോട് പഴയ പ്രസ് ക്ലബ്ബ് ജംഗ്ഷനടുത്തു ഒരു ജ്വല്ലറിക്കുവേണ്ടി സ്വകാര്യ വ്യക്തികൾ നിർമ്മിക്കുന്ന കെട്ടിടത്തിനാണ് വ്യാജ ഫയൽ തുറന്ന് മുൻസിപ്പൽ ജീവനക്കാരുടെ വ്യാജ ഒപ്പും ഇട്ട് കെട്ടിട നമ്പർ തരപ്പെടുത്തിയതെന്നു പറയുന്നു. കെട്ടിട നിർമ്മാണത്തിനും വ്യാജ നടപടികൾക്കും പിന്നിൽ ഉന്നതരുടെ ഇടപെടലുണ്ടെന്ന് ആക്ഷേപമുണ്ട്.കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടു കെട്ടിടത്തിന്റെ പ്ലാനും മറ്റു രേഖകളും നേരത്തെ ഉടമകൾ മുൻസിപ്പൽ ഓഫീസിൽ നൽകുകയും കെട്ടിട നിർമ്മാണത്തിന് അനുമതി തേടുകയും ചെയ്തിരുന്നു. അതേ ഫയലിലെ നിർദ്ദേശമനുസരിച്ചു പണി നടന്നുകൊണ്ടിരിക്കുന്നതിനിടയിലാണ് മറ്റൊരു ഫയൽ അതേ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടു ബന്ധപ്പെട്ടവരുടെ മുമ്പാകെ എത്തിയത്. ഈ ഫയലിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതായി മുനിസിപ്പൽ ഏഞ്ചിനീയറുടെ വ്യാജ ഒപ്പിട്ട് റവന്യൂ വിഭാഗത്തിൽ എത്തിക്കുകയായിരുന്നെന്നു പറയുന്നു. അവർ പരിശോധിച്ചു കെട്ടിടത്തിനു ആറു ലക്ഷത്തിൽപ്പരം നികുതി നിർദ്ദേശിച്ചു. ഈ തുകയുടെ പകുതി ബന്ധപ്പെട്ടവർ അടക്കുകയും പിണിതീരാത്ത കെട്ടിടത്തിനു നമ്പർ നേടുകയുമായിരുന്നെന്നു പറയുന്നു. ഈ നമ്പർ മുനിസിപ്പൽ അധികൃതർ പ്രശ്നം വിവാദമായതോടെ റദ്ദാക്കിയതായി വെളിപ്പെടുത്തിയിരുന്നു.മുനിസിപ്പൽ ഓഫീസിൽ ഒരു ഫയൽ നിലവിലിരിക്കേ അതിനു വ്യാജ ഫയൽ എങ്ങനെ എത്തിയെന്നും അതിൽ വ്യാജ രേഖകളുപയോഗിച്ചു നടപടികൾ അനധികൃതമായി ബന്ധപ്പെട്ടവർ എങ്ങനെ പൂർത്തിയാക്കിയെന്നും അതിനു പിന്നിൽ മുനിസിപ്പൽ ഓഫീസിലും പുറത്തും പ്രവർത്തിച്ചവരാരൊക്കെയാണെന്നുമാണ് പൊലീസ് അന്വേഷിക്കുന്നത്. കള്ള ഒപ്പും, വ്യാജ ഫയലും ഉണ്ടാക്കിയവരെ കണ്ടുപിടിക്കുന്നതിനു കേസിൽ പ്രതികളായ കെട്ടിട നിർമ്മാതാക്കളും ജീവനക്കാരുമുൾപ്പെടെയുള്ള ആറുപേരുടെ കൈയെഴുത്ത് പൊലീസ് ശേഖരിക്കുന്നുണ്ട്. മറ്റു ജീവനക്കാരുടെ ഒപ്പുകളും വേണ്ടിവന്നാൽ ശേഖരിച്ചേക്കുമെന്ന് അന്വേഷണ സംഘം സൂചിപ്പിച്ചു.

കാസർകോട് മുനിസിപ്പൽ ഓഫീസിൽ പൊലീസ് ഇന്നു രാവിലെ ആരംഭിച്ച റെയ്ഡ്

ബംഗാളി തേപ്പു തൊഴിലാളി വീണു മരിച്ചു

പെർള: ബംഗാളിയായ തേപ്പു തൊഴിലാളി വീണു മരിച്ചു. പശ്ചിമ ബംഗാൾ സ്വദേശി അമർചന്ദ് സിങ്ങാ(22)ണു മരിച്ചത്. ഈ മാസം 16നു ഷേണിയിലെ ഒരു വീട്ടു പണിക്കിടയിൽ വീണു പരിക്കേറ്റ ഇയാൾ മംഗ്ളൂരുവിൽ ചികിത്സയിലായിരുന്നു. ഇന്നലെ വൈകിട്ടു മരിച്ചു.

അന്തുക്കാ

അങ്കം തുടങ്ങി;മുന്നണികളിലും പാർട്ടികളിലും പടയും പടപ്പുറപ്പാടും

കാഞ്ഞങ്ങാട്: പഞ്ചായത്ത് തിരഞ്ഞെടുപ്പു പത്രികാ സമർപ്പണം പൂർത്തിയായപ്പോൾ പാർട്ടികളിലും മുന്നണികളിലും പ്രശ്നങ്ങൾ പുകഞ്ഞു നിൽക്കുന്നു.

നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാനദിവസമായ 23നു കല്ലും നെല്ലും തിരിച്ചറിയുമെന്നു നേതാക്കന്മാർ പറയുന്നു.

ജില്ലയിൽ യു ഡി എഫിലാണ് പടലപ്പിണക്കം ശക്തമായി പ്രകടമായിട്ടുള്ളത്. മുന്നണിയിലെ പ്രധാന ഘടകകക്ഷികളായ മുസ്ലീം ലീഗും കോൺഗ്രസും പടന്നയിലും കള്ളാറിലും പിണങ്ങി നിൽക്കുന്നു. കള്ളാറിൽ മിക്ക സീറ്റുകളിലും ഇരുപാർട്ടികളും പത്രിക നൽകിയിട്ടുണ്ട്.

മുന്നണിയിലെ തർക്കം തുടരുമ്പോൾത്തന്നെ ഈ പാർട്ടികളും പ്രശ്നങ്ങൾ കൊണ്ടു സങ്കീർണ്ണമാവുന്നു. കാസർകോട്ടു ലീഗിന്റെ കോട്ടയെന്നറിയപ്പെടുന്ന തളങ്കര പടിഞ്ഞാർ, കടവത്ത്, ഫോർട്ട് റോഡ് വാർഡുകളിൽ റിബലുകൾ പാർട്ടി നേതൃത്വത്തിനു ശക്തമായ വെല്ലുവിളിയുമായി സാന്നിധ്യമറിയിക്കുന്നു.

മുസ്ലീംലീഗ് ജില്ലാ പ്രസിഡന്റ് ടി ഇ അബ്ദുള്ളയുടെ വാർഡായ തളങ്കര കടവത്ത് പാർട്ടി ഔദ്യോഗിക സ്ഥാനാർത്ഥി സിദ്ദീഖിനെതിരെ നിലവിലുണ്ടായിരുന്ന സ്ഥാനാർത്ഥിയുടെ ഭർത്താവും അതേ പാർട്ടിക്കാരനുമായ എം ഹസ്സൻ പത്രിക സമർപ്പിച്ചു. ടി ഇ ഈ വാർഡിൽ മത്സരിക്കണമെന്നു പ്രവർത്തകർ ആശിച്ചെങ്കിലും പാർട്ടി സംസ്ഥാന നേതൃത്വം അതു വിലക്കുകയായിരുന്നു.

കഴിഞ്ഞ തിരഞ്ഞെടുപ്പിലും കാസർകോട് മുനിസിപ്പാലിറ്റിയിൽ ലീഗിനു വെല്ലുവിളി ഉയർത്തിയ ഫോർട്ട്റോഡ് വാർഡ് ഇത്തവണയും ഇടഞ്ഞു നിൽക്കുന്നു.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വാർഡു കമ്മറ്റിയുടെ അംഗീകാരമില്ലാതെ സ്ഥാനാർത്ഥിയെ അടിച്ചേൽപ്പിച്ചുവെന്നാരോപിച്ചു ലീഗ് അംഗം റിബലായി മത്സരിച്ചു ജയിച്ചു. മുനിസിപ്പാലിറ്റിയുടെ കാലാവധി വരെ ഒറ്റയാനായി കൗൺസിലിൽ നിന്നു. ഈ തിരഞ്ഞെടുപ്പിൽ ലീഗ് നേതൃത്വം ഇടപെട്ട് അവരെ മാതൃ സംഘടനയിലെത്തിച്ചെങ്കിലും സ്ഥാനാർത്ഥി നിർണ്ണയം ഇത്തവണയും ഉടക്കിലായി. റിബലുകളിൽ ഒരാൾക്കു സ്ഥാനാർത്ഥിത്വം നൽകിയില്ല. മാത്രമല്ല, പാർട്ടി ശാഖാ സെക്രട്ടറിയുടെ ഭാര്യയെ സ്ഥാനാർത്ഥിയാക്കുകയും ചെയ്തു. ആ സാഹചര്യത്തിൽ പാർട്ടി സെക്രട്ടറി സ്ഥാനം റിബൽ ഗ്രൂപ്പിനു നൽകണമെന്ന റിബലുകളുടെ ആവശ്യവും നേതൃത്വം നിരാകരിച്ചു. അങ്ങനെ ഫോർട്ട് റോഡിൽ ലീഗിനു രണ്ടുപേർ പത്രിക നൽകി. ഔദ്യോഗിക സ്ഥാനാർത്ഥിയായി സാഹിറാ ബാനുവും റിബലായി ഹസീനയും.ചെമനാട് പഞ്ചായത്തിൽ ചില വാർഡുകളിൽ കോൺഗ്രസിനും മൂന്നു സ്ഥാനാർത്ഥികൾ വരെ ഉണ്ടെന്നു പാർട്ടി നേതാക്കന്മാർ പറഞ്ഞു.

നീലേശ്വരം മുനിസിപ്പൽ 26–ാം വാർഡിലും ലീഗ് സ്ഥാനാർത്ഥിക്കു റിബലുണ്ട്. ഇവിടെ ലീഗിന്റെ ഔദ്യോഗിക സ്ഥാനാർത്ഥി നസീമക്കെതിരെ ഇതേ വാർഡിലെ പ്രഥമ ലീഗ് കൗൺസിലർ കെ സൈനുദ്ദീൻ റിബലായി പത്രിക നൽകി. ബദിയഡുക്ക 13–ാം വാർഡിൽ കോൺഗ്രസ് നേതാക്കന്മാർ ഇഞ്ചോടിഞ്ചു വാശിയിൽ പ്രചരണ രംഗത്തു മുന്നേറുന്നു. റിബലുകളെ സമാധാനിപ്പിച്ചു മത്സരരംഗത്തു നിന്നു പിന്തിരിപ്പിക്കാനുള്ള ശ്രമം തുടരുകയാണെന്നു കോൺഗ്രസ് നേതാക്കൾ അറിയിച്ചു. 23നു മുമ്പ് ആരെന്നും എന്തെന്നും വ്യക്തമാവുമെന്ന് അവർ പ്രതീക്ഷ പ്രകടിപ്പിച്ചു.

എന്നാൽ റിബലുകൾ സ്വയം പിന്മാറിയില്ലെങ്കിൽ പിന്നീടവർ പാർട്ടിയിലുണ്ടാവില്ലെന്നു ലീഗ് നേതൃത്വം താക്കീതു ചെയ്തു. റിബൽ പ്രശ്നവുമായി ബന്ധപ്പെട്ട് ആരോടും പാർട്ടി ഒരു ചർച്ചക്കുമില്ല. 23നു ശേഷം ഔദ്യോഗിക സ്ഥാനാർത്ഥികൾക്കെതിരെ മത്സരിക്കുന്നവർക്കു പാർട്ടിയുടെ പ്രാഥമികാംഗത്വമുണ്ടായിരിക്കില്ലെന്നും മുന്നറിയിച്ചിട്ടുണ്ട്.

അതേ സമയം ഇടതു മുന്നണിയും പ്രശ്നങ്ങളിൽ നിന്നു മുക്തമല്ല. എന്നാൽ എൽ ഡി എഫ് ഘടക കക്ഷികൾക്കുള്ളിൽ പ്രശ്നങ്ങളൊന്നുമില്ലമുന്നണിയിലെ പ്രധാനപാർട്ടികളും വല്യേട്ടൻ പ്രതികരണവും വലിയപറമ്പിലും തൃക്കരിപ്പൂരിലും സി പി ഐ യെ പ്രകോപിപ്പിച്ചിരിക്കുന്നു. രണ്ടിടത്തും ഉണ്ടായിരുന്ന സീറ്റ് സി പി ഐ യോടു ചോദിക്കാതെ സി പി എം പിടിച്ചെടുത്തു മറ്റൊരു ഘടക കക്ഷിക്കു കൈമാറിയതോടെ സി പി ഐ സന്തോഷപൂർവ്വം മത്സരരംഗത്തു നിന്നു പിന്തിരിഞ്ഞു. എന്നാൽ പ്രവർത്തകർ ആർക്കു വോട്ടു ചെയ്യുമെന്നു കണ്ടറിയാമെന്നു അവർ പ്രതികരിക്കുന്നു.

മറ്റു പാർട്ടികളിലെ പ്രശ്നം ബി ജെ പിയിലും പ്രതിഫലിച്ചു. മഞ്ചേശ്വരത്ത് ബി ജെ പി മണ്ഡലം ജന. സെക്രട്ടറി ബി എം ആദർശ് മത്സരിക്കുന്ന വാമഞ്ചൂർ ഗുഡ്ഡെയിൽ പാർട്ടി മഞ്ചേശ്വരം മണ്ഡലം കമ്മറി സെക്രട്ടറിയായിരുന്ന ബി എം നാഗേഷ് പത്രിക സമർപ്പിച്ചു പോരാട്ടത്തിനു വീര്യം പകരുന്നു.

നാഗേഷ് മുമ്പ് ഇതേ വാർഡിൽ പഞ്ചായത്ത് മെമ്പറായിരുന്നു.